കേരള സർക്കാർ

<u>സംഗ്രഹം</u>.

ത സ്വ ഭ വ - ഭവന നിർമ്മാണ ധനസഹായം കൈപ്പറ്റിയ ശേഷം വീട് പീർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും പണം തിരികെ ഈടാക്കുമ്പോൾ പലിശ ഈടാക്കുന്നത് സമ്പന്ധിച്ച് പൊതു നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി ഡി ) വകുപ്പ്

സ ഉ (സാധാ)1038/11/ത സ്വ ഭ വ          തിരുവനന്തപുരം, തീയതി : 19-4-2011.

---

പരാമർശം : 1) ഗ്രാമ വികസന കമ്മിഷണറുടെ 07-12-10 ലെ 29248 / ജെ. ആർ. വൈ1/10/സി.ആർ.ഡി. നമ്പർ കത്ത്.
2) വികേന്ദ്രീകൃതാസൂതണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 26-2-11 ലെ 2.48 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

10-6-10 ന് തൃശ്ശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിൽ ഭന നിർമ്മാണ ധനസഹായ റിക്കവറി നടത്തുമ്പോൾ 18% പലിശ ഒഴിവാക്കണമെന്ന നിർദ്ദേശം മുന്നോട്ടുവെച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഭവന നിർമ്മാണ പദ്ധതികൾക്ക് ഗുണഭോക്താക്കൾ പണം കൈപ്പറ്റിയ ശേഷം പണി തുടർന്ന് നടത്താതിരിക്കുകയോ, ദുരുപയോഗം ചെയ്യുകയോ ചെയ്യുന്ന കേസുകളിൽ ഇവരിൽ നിന്ന് തുക തിരിച്ചു പിടിക്കേണ്ടി വരുമ്പോൾ പലിശ ഒഴിവാക്കേണ്ട കാര്യം പരിഗണിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഗ്രാമ വികസന കമ്മീഷണർ അഭിപ്രായപ്പെട്ടിരുന്നു. ഇക്കാര്യം 26-2-11 ലെ വികേന്ദ്രീകൃതാസൂതണ സംസ്ഥാനതല കോ-ഓർഡിനേഷൻ യോഗം ചർച്ച ചെയ്യുകയം പരാമർശം 2 പ്രകാരം തീരുമാനം കൈകൊള്ളുകയും ചെയ്തു.

ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണ ധനസഹയം കൈപ്പറ്റിയ ശേഷം വീട് പൂർത്തിയാക്കാത്തവരിൽ നിന്നും പണം തിരികെ ഈടാക്കുമ്പോൾ 12% പലിശ ഈടാക്കിയാൽ മതിയാകും എന്ന് ഉത്തരവാകുന്നു. എന്നാൽ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ 18% പലിശ ഈടാക്കുന്ന നിലവിലെ വ്യവസ്ഥ തുടരേണ്ടതാണെന്നും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
(ഒപ്പ്)
എസ്. എം. വിജയാനന്ദ്,
അഡീഷണൽ ചീഫ് സക്രട്ടറി.

<u>കീഴെഴുത്ത് നമ്പർ. ബി3/3874/11/ തീയതി : 27-5-2011:</u> ഉത്തരവിന്റെ പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും അയക്കുന്നു. ഉത്തരവിന്റെ ഒരു കോപ്പി പ്രിന്റ് എടുത്ത് അതത് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടുമാർക്കും നൽകുന്നതിന് നിർദ്ദേശിക്കുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ.

S/3/6